പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 4822 | 24. 07.2015-ൽ മറുപടി നല്കേണ്ടത് |

**വിഷാംശം കലർന്ന മത്സ്യം വിപണനത്തിന്.**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ. അജിത്. | | **ശ്രീ. വി. എസ്. ശിവകുമാർ** (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിച്ച് വിതരണം ചെയ്യുന്ന മത്സ്യങ്ങളിൽ വിഷലിപ്തമായ വസ്തു ക്കൾ കണ്ടെത്തിയതായ റിപ്പോർട്ടുകളുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ ; | എ) | അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിച്ച് വിതരണം ചെയ്യുന്ന മത്സ്യങ്ങളിൽ ഫോർമാലിനും അമോണിയയുടെ വർദ്ധിച്ച അളവും പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. |
| ബി) | കേരളത്തിൽ വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വിഷാംശം ഉണ്ടോ എന്ന് കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഇത്തരത്തിൽ എത്ര സംഭവങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | ബി) | അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിച്ച് വിതരണം ചെയ്യുന്ന മത്സ്യങ്ങളിൽ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബുകളിൽ മത്സ്യത്തിന്റെ സാമ്പിൾ പരിശോധിക്കുവാൻ സംവിധാനമുണ്ട്. കൂടാതെ കൂടുതൽ ആധുനികമായ ഗ്യാസ് ക്രൊമാറ്റോ ഗ്രാഫ് സ്പെക്ട്രോ മീറ്റർ എന്ന ഉപകരണവും സ്ഥാപിക്കുന്നതിനുള്ള നടപടി അവസാനഘട്ടത്തിലാണ്. കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് പരിശോധിച്ച മത്സ്യസാമ്പിളുകളിൽ വിഷസാന്നിദ്ധ്യമുള്ളതായി കണ്ടെത്തിയിട്ടില്ല. |
| സി) | വിഷാംശമുള്ളമത്സ്യം വിപണനത്തിന് എത്തിച്ചതിനെതിരെ എന്തെങ്കിലും കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എത്ര കേസ്സുകൾ,എവിടെയെല്ലാം; വിശദമാക്കാമോ ; | സി) | ഇത് സംബന്ധിച്ച് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. |
| ഡി | വിഷാംശംകലർന്ന മത്സ്യം ഇവിടെ എത്തുമ്പോൾ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പിനെ വിവരം ധരിപ്പിച്ച് കുറ്റക്കാരായവർ ക്കെതിരെ നടപടി സ്വീകരിക്കുന്നതിനു സർക്കാർ തലത്തിൽ എന്ത് നടപടിയാണ് കൈകൊണ്ടിട്ടുള്ളത് ? | | അന്യസംസ്ഥാനങ്ങളിൽ നിന്നു കൊണ്ടുവന്ന മത്സ്യത്തിന്റെ സാമ്പിളുകൾ പരിശോധിച്ചതിൽ ഫോർമാലിന്റെയും വർദ്ധിച്ച തോതിലുള്ള അമോണിയയുടെയും സാന്നിദ്ധ്യം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തമിഴ്നാട്, ആന്ധ്രപ്രദേശ്, കർണ്ണാടക, ഗോവ എന്നി സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ കമ്മീഷണർമാർക്ക് ഇത് സംബന്ധിച്ച് കർശന നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇതിനകം കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ